# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 370

11-06-2013-ൽ മറുപടിക്ക്

### വൈദ്യുതി ചാർജ് വർദ്ധനവ്

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(എ) സംസ്ഥാനത്ത് വൈദ്യുതി താരിഫ് നിർണ്ണയിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം 2003-ലെ വൈദ്യുതി ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ രണ്ടു പ്രാവശ്യം, അതായത്, 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മേയ് ഒന്നാം തീയതി മുതലും വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് 2012 ഏപ്രിൽ-മേയ് മാസങ്ങളിൽ ഉപഭോക്താ ക്കളുടെമേൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താനും പ്രസ്തുത നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിയ്ക്കും 10 രൂപ നിരക്കിൽ അധിക ചാർജ് ഈടാക്കുവാനും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ 2012 ജൂൺ മാസം മുതൽ ഇതൊഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ 2012 ഡിസംബർ 15- ാ0 തീയതി മുതൽ 2013 മേയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് ഉപഭോക്താക്കളുടെ മേൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുകയും പ്രസ്തുത നിയന്ത്രണത്തിനു

മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോയൂണിറ്റ് വൈദ്യുതിയ്ക്കും അതാതു വിഭാഗത്തിനുള്ള എനർജി ചാർജ്ജ് നിലവിലെ നിരക്കിനു പുറമെ പെനാൽറ്റി ആയി ഈടാക്കുവാനും, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നിയന്ത്രണം 2013 ജൂൺ 1 മുതൽ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്

2012-ജൂലൈ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് വർദ്ധനവിന്റെ വിശദാംശങ്ങളും, 2013 മേയ് ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് വർദ്ധനവിന്റെ വിശദാംശങ്ങളും അനുബന്ധം (1) ആയി കൊടുത്തിരിക്കുന്നു

(ബി) ഇപ്രകാരം വൈദ്യുതിചാർജ് വർദ്ധിപ്പിക്കുവാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുമോ ?

(ബി)

.2002 ഒക്ടോബറിനുശേഷം 2012 ജൂലൈ-ലാണ് സംസ്ഥാനത്ത് സമഗ്രമായ വൈദ്യുതി ചാർജ് വർദ്ധനവ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ കേന്ദ്ര നിലയങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ ചെലവ് 2004-ഉം, 2009-ലും ഏകദേശം 50 ശതമാനത്തോളം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ നാണ്യപ്പെരുപ്പം കാരണവും, മറ്റു സാധനങ്ങളുടെ വിലവർദ്ധനവു കാരണവും വൈദ്യുതി ബോർഡിന്റെ ശമ്പളച്ചെലവുകളും മറ്റു ചെലവുകളും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2012-13 ലേയ്ക്ക് ഏകദേശം 1889.15 കോടി രൂപ സംസ്ഥാന വൈദ്യുതി ബോർഡിന്റെ വരുമാന കമ്മി ആയും, 2013-14-ലേയ്ക്ക് ഏകദേശം 1049 കോടി രൂപ വരുമാന കമ്മി ആയും അംഗീകരിച്ചിട്ടുണ്ട്. മേൽപറഞ്ഞ കമ്മീഷൻ അംഗീകരിച്ച് വരുമാന കമ്മി വൈദ്യുതി ചാർജ് വർദ്ധനവിലൂടെ നികത്തുന്നതിന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ 2012-13-ലെ കാലയളവിലേയ്ക്ക് അംഗീകരിച്ച വരുമാന കമ്മി ആയ 1889.15 കോടി രൂപയിൽ 1,257.63 കോടി

രൂപ മാത്രമേ 2012 ജൂലൈ മുതൽ 2013 മാർച്ച് വരെയുള്ള '9' മാസം കാലയളവിൽ താരിഫ് വർദ്ധനവിലൂടെ നികത്തുന്നതിന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ളു. അതുപോലെ 2013-14-ലേയ്ക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വരുമാന കമ്മിയായ 1049 കോടി രൂപയിൽ 647.67 കോടി രൂപ മാത്രമാണ് 2013 മേയ് ഒന്നിന് പ്രാബല്യത്തിൽ വന്ന താരിഫ് വർദ്ധനവിലൂടെ കമ്മീഷൻ അനുവദിച്ചിരിക്കുന്നത്

സെക്ഷൻ ഓഫീസർ

ലൈബ്രറിയിൽ ലഭ്യമാണ്